പാണ്ടിക്കടി—ചെല്ലാനം റോഡ്

*൯ ൫൨. (൨) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പാണ്ടിക്കടി—ചെല്ലാനം റോഡിന്റെ പണി എത്രകണ്ട് പുരോഗമിച്ചു;

(ബി) ഈ സാമ്പത്തിക വർഷത്തിൽ ഈ പണിക്ക് എത്ര സംഖ്യ ബഡ്ജറ്റിൽ കൊള്ളിച്ചു;

(സി) അതിൽ എത്ര ചിലവാക്കി;

(ഡി) ഈ റോഡുപണി എന്നു പൂർത്തിയാകുമെന്നാണ് പ്രതീക്ഷ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) രാമേശ്വരം പള്ളിത്തുറ എന്നീ വില്ലേജുകളിൽ നിന്നും പൊന്നും വിലയ്ക്ക് എടുത്ത് കൊടുക്കേണ്ട ഭൂമി കൈവശം കിട്ടി. ടി സ്ഥലത്തുള്ള പണി കൺട്രാക്ട് കൊടുത്തു പണി നടന്നു വരുന്നു. റോഡിൽ പണിയേണ്ടതായ വൻ അടി നീളമുള്ളതായ കല്ലുകളിൽ മുന്നെണ്ണംപണിതു നിലനിരപ്പിൽ എത്തി. നാലാമത്തേതിന്റെ അസ്ഥിവാരം പണിയുന്നു.

(ബി) ൭ ൦,൦ ൦ ൦ രൂപാ.

(സി) ൨,൯ ൦൯ രൂപാ൯ അണ൯ സ.

(ഡി) ഫൻ൫൨ ഫെബ്രുവരി അവസാനത്തോടുകൂടി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

കുമ്പളങ്ങി റോഡ്

*൯ ൫൯. (൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചിവിഭാഗത്തിൽ പെരുമ്പടപ്പു കടത്തുമുതൽ കുമ്പളങ്ങിവരെയുള്ള റോഡ് നന്നാക്കുന്നതിനായി വല്ല എസ്റ്റിമേറും തുലൂവായിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ലഭിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടി എടുത്തു?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്ന റോഡ് കുമ്പളങ്ങി—എഴുപുന്ന റോഡാണെന്നു വിചാരിക്കുന്നു. അതിന്റെ എസ്റ്റിമേറ് തുലൂവാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ലഭിക്കുകയുണ്ടായി.

(ബി) കഴിഞ്ഞകൊല്ലം ഇതിന്റെ പണി ഒരു കരാറിനേൽ കൊടുക്കുകയും ഏകദേശം പണി തീർന്നുകഴിയുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില ഭാഗങ്ങളിൽ ഉടമസ്ഥന്മാരാൽ വിട്ടുതരപ്പെട്ടിരുന്ന സ്ഥലങ്ങളും റവന്യൂ അധികാരികളും പി. ഡബ്ലിയു. ഡി.യെ എല്പിച്ചിട്ടില്ലാത്തതിനാൽ ശേഖരിച്ചിരിക്കുന്ന കല്ല് വിരിക്കുവാൻ സാധിച്ചില്ല.

സഹകരണസംഘങ്ങളുല്ലാത്ത നൽലൈസൻസികൾ

*൯ ൫൭. (൧൦) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്ക സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇപ്പോൾ നമ്മുടെ സ്റ്റേറ്റിൽ റീട്ടെയിൽ തൽലൈസൻസികളായി എത്ര സഹകരണസംഘങ്ങളും എത്ര വ്യക്തികളും ഉണ്ട്;

(ബി) പറവൂർ (കൊല്ലം) മത്സ്യവ്യവസായികൾക്കായുള്ള തൽവിതരണം ഒരു സഹകരണസംഘത്തിൽനിന്നും വിട്ടുമാറ്റി ഒരു വ്യക്തിയെ ഏല്പിച്ചതിനെ സംബന്ധിച്ച് ഗവൺമെണ്ടിൽ ആവലാതി ലഭിച്ചിട്ടുണ്ടോ;

(സി) ബി-യിൽ പറയുന്ന ആളുകൾക്ക് കഴിഞ്ഞ മാർച്ച് മാസത്തിനു ശേഷം എത്ര പ്രാവശ്യം തൽ കൊടുത്തു; ഓരോ പ്രാവശ്യവും വിതരണം നടത്തിയ ലൈസൻസി ആരാണ്?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) നാല് സംഘങ്ങൾക്കാണ് ഉണ്ട്. വ്യക്തികൾക്ക് ആരുമില്ല.

(ബി) ഉണ്ട്.

(സി) ഒരു പ്രാവശ്യം തൽ കൊടുത്തിട്ടുണ്ട്. അത് വിതരണം നടത്തിയത് കൊല്ലത്തുള്ള ട്രാവൻകൂർ വീവിംഗ് സൊസൈറ്റിയാണ്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: പിന്നീട് ഈ സഹകരണസംഘത്തിനു തൽ കൊടുക്കാതിരുന്നത് എന്തുകൊണ്ടാണ്?

ശ്രീ. കെ. എം. കോര: ഈ സംഘം ഈ നാട്ടിലെ തൊഴിലാളികളെ പ്രതിനിധീകരിക്കുന്നില്ലെന്നും ഇവർ മുഖേന തൽ വിതരണംചെയ്യാൻ പാടില്ലെന്നും മറ്റും നിവേദനം ലഭിച്ചതുകൊണ്ടാണ് പിന്നീട് കൊടുക്കാത്തത്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: എന്നാൽ ആ സ്ഥലത്തുള്ള ആളുകളെ അപേക്ഷിച്ചിട്ടും കൊടുക്കാതെ അന്യസ്ഥലത്തുള്ള ഒരാൾക്കു ലൈസൻസ് കൊടുക്കാൻ കാരണമെന്താണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: കഴിഞ്ഞ പ്രാവശ്യം കൊടുത്തതിനെപ്പറ്റിയാണെങ്കിൽ അവിടത്തെ തൊഴിലാളികൾ താമസിക്കുന്ന സ്ഥലത്തുനിന്നും ഫർലോങ്ങുകളോളം ദൂരെയാണ് സൊസൈറ്റി സ്ഥാപിച്ചിരിക്കുന്നതെന്ന കാരണത്താൽ ഒരു വ്യക്തിയെ അവിടത്തെ തൽവിതരണം ഏല്പിച്ചു.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: മേലാൽ അവിടത്തെ തൽവിതരണത്തെ സംബന്ധിച്ച് ഗവൺമെൻറിന്റെ നയം എന്താണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: മെമ്പർ ഉദ്ദേശിക്കുന്ന സ്ഥലത്തു പുതിയ സൊസൈറ്റി റജിസ്റ്റർചെയ്യുകഴിഞ്ഞസ്ഥിതിക്ക് ആ സൊസൈറ്റിമൂലമായിരിക്കും മേലാൽ വിതരണം നടത്തുന്നത്.

MEDICAL COLLEGE

*355. [11] **Sri. K. Ramachandran:** Will the hon. Chief Minister be pleased to state.—

(*a*) whether Government propose to increase the number of seats for students in the Medical College, Trivandrum;

(*b*) the officer who has been responsible for the preliminary organisation of the college and whether the Government have expressed their appreciation of his services;

(*c*) the qualification of this officer and the minimum qualifications required for the post of a Principal of a Medical College;

(*d*) the reasons why Government are not considering the question of confirming this officer as the first Principal of this College?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

LIBRARY ARCHIVES Kerala Legislative Assembly